ജോലികൾ ചെയ്തുവരുന്നുണ്ട്. വനമേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യത്തിന് ഒരു ദീർഘകാല പരിഹാരമെന്ന നിലയിൽ വനമേഖലയിലെ ജോലികൾ യന്ത്രവൽക്കരിക്കുന്ന നടപടികളിലേക്ക് വനംവകുപ്പ് തിരിയേണ്ടി വരുമെന്ന ചിന്തയും ഉരുത്തിരിഞ്ഞുവരുന്നുണ്ട്.

(ഡി) വനസംരക്ഷണ പ്രവർത്തനങ്ങളിൽ വനാശ്രിത സമൂഹത്തെ പരമാവധി പ്രയോജനപ്പെടുത്താൻ വനസംരക്ഷണസമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഫയർ വാച്ചർ, പ്രൊട്ടക്ഷൻ വാച്ചർ, ഗൈഡുകൾ എന്നിവരെയെല്ലാം വനാശ്രിത സമൂഹത്തിൽ നിന്നുമാണ് തെരഞ്ഞെടുക്കുന്നത്.

സുനാമി പുനരധിവാസ പദ്ധതി

30 (*270) ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനകം പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; ഓരോ പദ്ധതിയിലും ചെലവാക്കിയ തുക വ്യക്തമാക്കുമോ ;

(സി) ഭവന നിർമ്മാണ പദ്ധതിപ്രകാരം എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് ;

(ഡി) ആറാട്ടുപുഴ, ആലപ്പാട് തുടങ്ങിയ പ്രദേശങ്ങളിൽ ആവിഷ്ക്കരിച്ച പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കേണ്ടത് ; ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) സുനാമി ബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി റവന്യൂ വകുപ്പിന് കീഴിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പ്രോജക്ട് ഡയറക്ടറായി ടി.ആർ.പി.സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സുനാമി പുനരധിവാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല മേണിറ്ററിംഗ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാർ ഉൾപ്പെട്ട മന്ത്രിസഭാ ഉപസമിതി എല്ലാ ആഴ്ചയിലും പദ്ധതി പുരോഗതി വിലയിരുത്തുന്നു. ഇതിനെല്ലാം പുറമേ പദ്ധതി നിർവ്വഹണ യൂണിറ്റുകളെ വിളിച്ചുചേർത്തുകൊണ്ടുള്ള അവലോകന യോഗവും കൃത്യമായ ഇടവേളയിൽ നടക്കുന്നുണ്ട്. ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ഒരു തേർഡ് പാർട്ടി ക്വാളിറ്റി ആഡിറ്റും നടപ്പിലാക്കിയിട്ടുണ്ട്. ഈദൃശ്യ പ്രവർത്തനങ്ങളിലൂടെ സുനാമി പുനരധിവാസ പദ്ധതികൾ 2011 മാർച്ച് മാസത്തിൽ പൂർത്തിയാക്കാൻ കഴിയും.

(ബി) പദ്ധതി നിർവ്വഹണ യൂണിറ്റുകൾ ഏറ്റെടുത്ത് പൂർത്തിയാക്കിയ പ്രവൃത്തികളുടെ എണ്ണവും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഭവന നിർമ്മാണ പദ്ധതിപ്രകാരം 4712 വീടുകൾ പൂർത്തിയായി. കോടതി കേസുള്ള 174 വീടുകൾ ഒഴികെ 4307 വീടുകൾ നിർമ്മാണത്തിന്റെ അവസാന ഘട്ടങ്ങളിലാണ്. ഇതിനുപുറമെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 2446 വീടുകളുടെ പണിയും പൂർത്തിയായിവരുന്നു.

(ഡി) ആറാട്ടുപുഴ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പ്രവർത്തികളുടെ മേൽനോട്ടം ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ടി പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സഹായകരമായ രീതിയിലുള്ള നിർദ്ദേശങ്ങളും സഹായങ്ങളും ജില്ലാഭരണകൂടം നൽകിവരുന്നുണ്ട്. സുനാമി സ്പെഷ്യൽ ഓഫീസറുടെ സേവനവും പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നുണ്ട്.

ആലപ്പാട് സ്പെഷ്യൽ പാക്കേജ് പദ്ധതികൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ പ്രത്യേകം യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ജില്ലാതല മോണിറ്റ റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിലും പദ്ധതി പുരോഗതിക്ക് ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. ആലപ്പാട് സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ടി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സുനാമി പുനരധിവാസ പദ്ധതിപ്രകാരം 1148 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കേണ്ടത്; ഇതിൽ 1038.89 കോടി രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. അവശേഷിക്കുന്ന തുക 2011 മാർച്ച് 31-നു മുമ്പായി ചെലവഴിക്കുന്നതാണ്.

---

†അനുബന്ധം IV

അനുബന്ധം IV

(22-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30 (*270) കാണുക)

പദ്ധതി നിർവ്വഹണ യൂണിറ്റുകൾ	ചെലവഴിച്ച തുക (കോടി)	പൂർത്തിയാക്കിയ പ്രവൃത്തികളുടെ എണ്ണം
ഫിഷറീസ് വകുപ്പ്	18.54	20
ആരോഗ്യ വകുപ്പ്	71.26	105
മൃഗസംരക്ഷണ വകുപ്പ്	5.5	8
ക്ഷീര വികസന വകുപ്പ്	4.97	9
കൃഷി വകുപ്പ്	7.58	25
വനം വകുപ്പ്	3.50	3
ശാസ്ത്രസാങ്കേതിക വകുപ്പ്	1.07	1
സംസ്ഥാന വിദ്യുത്ശക്തി വകുപ്പ്	46.23	16
കേരള വാട്ടർ അതോറിറ്റി	66.81	95
വിദ്യാഭ്യാസ വകുപ്പ്	57	641
പൊതുമരാമത്ത് വകുപ്പ്	19.61	23
സാമൂഹ്യക്ഷേമ വകുപ്പ്	9.12	238
വിനോദസഞ്ചാര വകുപ്പ്	63.87	16
തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്	107	185
ജലസേചന വകുപ്പ്	156.06	293

LIBRARY ARCHIVES Kerala Legislative Assembly